## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1291** **12-02-2025 - ൽ മറുപടിയ്ക്ക്**

## കടുത്തുരുത്തി ബസ്സ്റ്റേ ടെർമിനൽ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് ബസ്സ്റ്റേ ടെർമിനൽ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾക്കായുള്ള റിക്വിസിഷൻ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ; പ്രസ്തുത റിക്വിസിഷൻ തയ്യാറാക്കി നൽകേണ്ട പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് ബസ് ബേ നിർമ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി requisition റവന്യൂ വകുപ്പിന് നൽകിയിട്ടില്ല. പ്രവൃത്തിയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി boundary stone fix ചെയ്യുന്നതിന് സ്ഥലമുടമകളുമായി ചർച്ച നടത്തിയെങ്കിലും ഉടമകൾ സമവായത്തിൽ എത്തിയിട്ടില്ല. സ്ഥലം ഉടമകളുമായി ചർച്ചകൾ പുരോഗമിച്ചു വരുന്നു. Boundary stone സ്ഥാപിച്ച് സ്കെച്ച് തയ്യാറാക്കി പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേനയാണ് requisition സമർപ്പിക്കേണ്ടത്. എന്നാൽ boundary stone fix ചെയ്യുന്ന പ്രവൃത്തി പൂർത്തിയാകാത്തതിനാൽ requisition സമർപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ല. |
| (ബി) | കടുത്തുരുത്തി ബസ്സ്റ്റേ ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് 04.02.2023 തീയതിയിലെ (സാധാ) നം.121/2023/പൊ.മ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് സ്ഥലമേറ്റെടുപ്പിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | Requisition സമർപ്പിച്ചാൽ ആണ് വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിക്കുക. |
| (ഡി) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | 04.02.2023 തീയതിയിലെ സ.ഉ(സാധാ)നം.121/2023/പൊ.മ.വ പ്രകാരം പ്രവൃത്തിക്ക് 424 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയ്ക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനായി സർവ്വെ നടത്തുന്നതിനും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുമായുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തി നിലവിൽ പുരോഗമിച്ചു വരുന്നു. സ്ഥലമുടമകളുമായി നടത്തിയ ചർച്ച സമവായത്തിലെത്താത്തതിനാൽ |

| | | | |
|---|---|---|---|
| | | | അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ